**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199** **15-10-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. രജിസ്ട്രേഷനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. സംബന്ധിച്ച് കേരളം നടത്തിയ പഠനത്തിലൂടെ കണ്ടെത്തിയ വസ്തുതകൾ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സാധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; | (എ) | ജി.എസ്.ടി. സംബന്ധിച്ച് കേരളം നടത്തിയ പഠനത്തിലൂടെ കണ്ടെത്തിയ വസ്തുതകൾ ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ഫലപ്രദമായി അവതരിപ്പിക്കുന്നതിനും പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ആവശ്യങ്ങൾ ആണ് ജി.എസ്.ടി. കൗൺസിലിൽ പ്രധാനമായും ഉന്നയിച്ചിട്ടുള്ളത്. ഒരു പരിധിവരെ അതിൽ വിജയിക്കുകയും ചെയ്തിട്ടുണ്ട്. IGST സെറ്റിൽമെന്റുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പുവരുത്തണമെന്ന് സംസ്ഥാനം പല ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിലും ആവശ്യപ്പെട്ടിട്ടുണ്ട്. ഓൺലൈൻ വ്യാപാര മേഖലയിൽ place of supply കൃത്യമായി രേഖപ്പെടുത്താത്തത് കാരണം സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വരുമാനം കൃത്യമായി ലഭിക്കുന്നില്ലെന്ന വിഷയം സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കുകയുണ്ടായി. ജി.എസ്.ടി. കൗൺസിൽ ഈ വിഷയം ചർച്ച ചെയ്യുകയും ഇലക്ട്രോണിക് കോമേഴ്സ് ഓപ്പറേറ്റർമാർ അവരുടെ പ്ലാറ്റ്ഫോം വഴി നടത്തുന്ന ഇടപാടുകൾ ഏത് സംസ്ഥാനത്തേക്കാണ് പോയതെന്ന് കൃത്യമായി അവർ ഫയൽ ചെയ്യുന്ന GSTR-8 എന്ന റിട്ടേണിൽ കാണിക്കണമെന്ന ഭേദഗതി ചട്ടങ്ങളിൽ കൊണ്ടുവരികയും ചെയ്തു. ഇതുമൂലം സംസ്ഥാനങ്ങൾക്ക് ഓൺലൈൻ വ്യാപാരം കൃത്യമായി ട്രാക്ക് ചെയ്യുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്.<br><br>സ്വർണ്ണം, വിലകൂടിയ രത്നങ്ങൾ എന്നിവയുടെ ചരക്ക നീക്കങ്ങൾക്ക് ഇ-വേ ബിൽ ബാധകമാക്കണമെന്ന കേരളത്തിന്റെ ആവശ്യം പരിഗണിച്ച് കേന്ദ്ര, സംസ്ഥാന ചരക്ക സേവന നികുതി ചട്ടങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഭേദഗതികൾ കൊണ്ടുവരാനും സംസ്ഥാനങ്ങൾക്ക് അകത്തുള്ള ചരക്കു നീക്കങ്ങൾക്ക് ഇത് പ്രയോഗത്തിലാക്കാനും തീരുമാനമെടുക്കുകയുണ്ടായി.<br><br>ജി.എസ്.ടി. സംവിധാനത്തിലെ ഓൺലൈൻ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ദുരുപയോഗപ്പെടുത്തിക്കൊണ്ട് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകൾ നേടുകയും അത് വഴി കോടികളുടെ തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ കൈമാറ്റം നടക്കുകയും അത് വഴി നികുതി വെട്ടിപ്പ് നടക്കുന്നുവെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം കണ്ടെത്തുകയും ചെയ്തിരുന്നു. തുടർന്ന് വ്യാജ രജിസ്ട്രേഷനുകൾ തടയുന്നതിനായി രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ ശക്തമായ നിയമം കൊണ്ടുവരണമെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബയോമെട്രിക് ആധാർ ഓതെന്റിക്കേഷൻ നിർബന്ധമാക്കുവാൻ തീരുമാനമെടുക്കുകയും ആയത് എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും കഴിഞ്ഞു. കേരളം ഇത് 2024 ഒക്ടോബർ 8 ന് നടപ്പിലാക്കുകയും ചെയ്തു. ഇത് വഴി ഇനിമുതൽ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കുന്നതിന് വകുപ്പ് സജ്ജീകരിച്ചിട്ടുള്ള ആധാർ ഓതെന്റിക്കേഷൻ കിയോസ്ക്കുകൾ സന്ദർശിച്ച് അവരുടെ ബയോമെട്രിക് വിവരങ്ങൾ സമർപ്പിക്കേണ്ടതുണ്ട്.<br><br>നികുതിവെട്ടിപ്പ് തടയുന്നതിനായി നടപ്പിലാക്കിയ ഇ-ഇൻവോയ്സിങ്ങിന്റെ പരിധി കുറച്ചുകൊണ്ടുവരണമെന്നും ബിസിനസ് ടു കസ്റ്റമർ ഇടപാടുകൾക്കും ഇത് ബാധകമാക്കണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുള്ള തീരുമാനം ഇക്കഴിഞ്ഞ 54-ാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സ്വീകരിച്ചിട്ടുണ്ട്. ബിസിനസ് ടു കസ്റ്റമർ ഇ-ഇൻവോയ്സിങ്ങ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ കൗൺസിൽ യോഗത്തിൽ കേരളം സന്നദ്ധത അറിയിക്കുകയും അത് അംഗീകരിക്കുകയും ചെയ്തു. |
| (ബി) | സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി രാജ്യവ്യാപകമായി ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ നടത്തിയ ഇടപെടലുകളുടെ ഫലമായി രാജ്യവ്യാപകമായി ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ കുറ്റമറ്റതാക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ജി.എസ്.ടി. സംവിധാനത്തിലെ ഓൺലൈൻ |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ദുരുപയോഗപ്പെടുത്തിക്കൊണ്ട് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകൾ നേടുകയും അത് വഴി കോടികളുടെ തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ കൈമാറ്റം നടക്കുകയും അത് വഴി നികുതി വെട്ടിപ്പ് നടക്കുന്നുവെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം കണ്ടെത്തുകയും ചെയ്തിരുന്നു. തുടർന്ന് വ്യാജ രജിസ്ട്രേഷനുകൾ തടയുന്നതിനായി രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ ശക്തമായ നിയമം കൊണ്ടുവരണമെന്ന് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബയോമെട്രിക് ആധാർ ഓതെന്റിക്കേഷൻ നിർബന്ധമാക്കുവാൻ തീരുമാനമെടുക്കുകയും ആയത് എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും കഴിഞ്ഞു. കേരളം ഇത് 2024 ഒക്ടോബർ 8 ന് നടപ്പിലാക്കുകയും ചെയ്തു. ഇത് വഴി ഇനിമുതൽ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കുന്നതിന് വകുപ്പ് സജ്ജീകരിച്ചിട്ടുള്ള ആധാർ ഓതെന്റിക്കേഷൻ കിയോസ്ക്കുകൾ സന്ദർശിച്ച് അവരുടെ ബയോമെട്രിക് വിവരങ്ങൾ സമർപ്പിക്കേണ്ടതുണ്ട്. |
| (സി) | ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സംസ്ഥാനം നടത്തിയ ഇടപെടലിലൂടെ ഓൺലൈൻ വ്യാപാര മേഖലയിലെ നികുതി കുറവ് പരിശോധിക്കാനും പരിഹരിക്കാനും കേന്ദ്രസർക്കാർ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ഓൺലൈൻ വ്യാപാര മേഖലയിൽ place of supply കൃത്യമായി രേഖപ്പെടുത്താത്തത് കാരണം സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വരുമാനം കൃത്യമായി ലഭിക്കുന്നില്ലെന്ന വിഷയം, സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കുകയുണ്ടായി. ജി.എസ്.ടി. കൗൺസിൽ ഈ വിഷയം ചർച്ച ചെയ്യുകയും ഇലക്ട്രോണിക് കോമേഴ്സ് ഓപ്പറേറ്റർമാർ വഴി നടത്തുന്ന ഇടപാടുകൾ ഏതു സംസ്ഥാനത്തേക്കാണ് പോയതെന്ന് കൃത്യമായി അവർ ഫയൽ ചെയ്യുന്ന GSTR-8 എന്ന റിട്ടേണിൽ കാണിക്കണമെന്ന ഭേദഗതി ചട്ടങ്ങളിൽ കൊണ്ടുവരികയും ചെയ്തു. ഇതുമൂലം സംസ്ഥാനങ്ങൾക്ക് ഓൺലൈൻ വ്യാപാരം കൃത്യമായി ട്രാക്ക് ചെയ്യുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്. |
| (ഡി) | ജി.എസ്.ടി. സമാഹരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും ശാസ്ത്രീയവുമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (ഡി) | ജി.എസ്.ടി. സമാഹരണ പ്രവർത്തനങ്ങൾ കൂടുതൽ സമഗ്രവും കാര്യക്ഷമവുമാക്കുന്നതിനായി സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് സമഗ്രമായി പുനഃസംഘടിപ്പിച്ചു. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ പ്രൊഫഷണലൈസേഷനും സുതാര്യതയും കൈവന്നു. വകുപ്പിന്റെ പുനഃസംഘടനയിലൂടെ |

ടാക്സ്പെയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ രൂപീകരിച്ചു. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയമായ രീതിയിൽ പരിശീലനം നൽകിവരുന്നു.

ജി.എസ്.ടി. വിവരങ്ങൾ വിശകലനം ചെയ്യുന്നതിനായി ഒരു അനലിറ്റിക് വിഭാഗം രൂപീകരിച്ചു. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനാലിറ്റിക്സിലൂടെ വിശദമായി വിശകലനം ചെയ്യുന്നു. നിർമിതബുദ്ധിയുടെ സഹായത്തോടെ വ്യാപാര സംബന്ധമായ വിവരങ്ങൾ വിശകലനം ചെയ്യുന്ന Business Intelligence & Fraud Analytics (BIFA) സാങ്കേതികവിദ്യ അനാലിസിസ് പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചുവരുന്നു.

ANPR സിസ്റ്റം ഉപയോഗിച്ച് സംസ്ഥാനത്തിന്റെ പ്രധാന അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ക്യാമറകളിൽ നിന്നും അതുവഴി കടന്നു പോകുന്ന വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് പരിശോധിച്ച് വാഹനത്തിൽ സാധുവായ ഇ-വേ ബിൽ ഉണ്ടോയെന്ന് ഇ-വേ ബിൽ പോർട്ടൽ വഴി മനസ്സിലാക്കി ഇല്ലാത്തപക്ഷം ആ പ്രദേശത്തെ എൻഫോഴ്സ്മെന്റ് സ്ക്വാഡിനെ മൊബൈൽ ആപ്പ് വഴി അലർട്ട് നൽകുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

ടാക്സ്പെയർ സർവീസസ് നികുതിദായകർ റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന നികുതി ബാധ്യതയുടെ ആധികാരികത സൂക്ഷ്മ പരിശോധനയിലൂടെ വിലയിരുത്തി നടപടികൾ സ്വീകരിച്ചുകൊണ്ട് തനത് നികുതി വരുമാനം കണ്ടെത്തി സർക്കാരിലേക്ക് ലഭ്യമാക്കുന്നു.

ഓഡിറ്റ് വിഭാഗം നികുതിദായകരെ പല പരാമീറ്ററുകൾ ഉപയോഗപ്പെടുത്തി റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് ഓഡിറ്റിനായി തിരഞ്ഞെടുക്കുകയും ആ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോ എന്ന് പരിശോധിച്ച് നികുതി ചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

ഇന്റലിജൻസ് വിഭാഗം വിവരസാങ്കേതിക വിദ്യയുടെയും, ലഭ്യമാകുന്ന രഹസ്യ വിവരങ്ങളുടെയും അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പുവരുത്തി സേർച്ച്/ഇൻസ്പെക്ഷൻ മുതലായ നടപടികളിലൂടെ പിഴയും പലിശയും ഉൾപ്പെടെയുള്ള നികുതി വസൂലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. അനിവാര്യ ഘട്ടങ്ങളിൽ നികുതി വെട്ടിപ്പുകാരെ അറസ്റ്റ് ചെയ്ത്

| | | | |
|---|---|---|---|
| | | | ക്രിമിനൽ നടപടിക്രമങ്ങൾക്ക് വിധേയമാക്കുകയും ചെയ്യുന്നു.<br>എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പട്രോളിംഗ് ചെയ്ത് ചരക്ക് വാഹനങ്ങളുടെ പരിശോധനയിലൂടെ നികുതി വരുമാനം ഉറപ്പുവരുത്തുകയും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ